**അന്തിമ മറുപടി**

## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.907**

**29.09.2016 -ൽ മറുപടി നൽകേണ്ടിയിരുന്നത്**

### പുറമ്പോക്കിൽ താമസിക്കുന്നവർക്ക് റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.പി.കെ. ശശി<br>ശ്രീ.സി. കെ. ശശീന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നിരവധി ആളുകൾ പുറമ്പോക്കിൽ വീട് വെച്ച് താമസിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പുറമ്പോക്കിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ്, വൈദ്യുത കണക്ഷൻ മുതലായവ ലഭിക്കുന്നതിന് റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (ബി) പുറമ്പോക്കിൽ താമസിക്കുന്നവരിൽ പട്ടയം നൽകുവാൻ നിർവ്വാഹമില്ലാത്ത കേസുകളിൽ ബന്ധപ്പെട്ട തഹസിൽദാർമാർ കൈവശരേഖ നൽകിവരുന്നു. കൈവശരേഖയുടെ അടിസ്ഥാനത്തിൽ റേഷൻകാർഡ്, വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ ലഭിക്കുന്നതിനുള്ള റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകിവരുന്നു. |
| (സി) പ്രസ്തുത നിർദ്ദേശം കൃത്യമായി പാലിക്കപ്പെടുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) എങ്കിൽ പ്രസ്തുത നിർദ്ദേശം കൃത്യമായി പാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ